പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4063

16.03.2017-ൽ മറുപടിയ്ക്ക്

## സാംസ്കാരിക സമുച്ചയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.സ്വരാജ് | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക സമുച്ചയങ്ങൾ എല്ലാ ജില്ലകളിലും സ്ഥാപിക്കും എന്ന പ്രഖ്യാപനത്തിന്റെ നിലവിലെ സ്ഥിതി എന്താണ്; (ബി) പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ; | (എ) യും (ബി) യും 2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം കേരളത്തിൽ 14 ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം Kerala Infrastructure Investment Fund Board (KIIFB)-ന്റെ പ്രത്യേക ധനസഹായം മുഖേന പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. എല്ലാ ജില്ലകളിലേയും പ്രോജക്ടുകളുടെ Special Purpose Vehicle (SPV) ആയി കേരള സ്റ്റേറ്റ് ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ (KSFDC)നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ Request for Proposal (RFP) KIIFB അംഗീകരിച്ചിട്ടുണ്ട്. Kerala Infrastructure Investment Fund Board (KIIFB) മുഖേന നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് Detailed Project Report തയ്യാറാക്കുന്നതിനുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്ന ടെൻഡർ നടപടി സ്വീകരിച്ചു വരുന്നു. കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം, പാലക്കാട് ജില്ലകളിൽ സ്ഥലം ലഭ്യമാണ് എന്ന് ബന്ധപ്പെട്ട കളക്ടർമാർ അറിയിച്ചതിനെ തുടർന്ന് നിർദ്ദേശിച്ച സ്ഥലം സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ പേരിൽ ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിന് ആവശ്യമായ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കവടിയാറിലെ റവന്യൂ വകുപ്പിന്റെ ഭൂമി പരിഗണിക്കുവാൻ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ ശുപാർശ ചെയ്തിട്ടുണ്ട്. കൊല്ലം താലൂക്കിൽ ടൂറിസം വകുപ്പിന്റെ സ്ഥലം പരിഗണിക്കണമെന്ന് സ്ഥലം MLA അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. നവോത്ഥാന നായകരുടെ പേരിലായിരിക്കും സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത്. നാടകശാല, സിനിമ തീയേറ്റർ, സംഗീത ശാല, ഗ്യാലറി, പുസ്തകക്കടകൾ, ചർച്ചകൾക്കും മറ്റുമുള്ള സെമിനാർ ഹാളുകൾ, ശിൽപ്പികൾക്കും കരകൗശല വിദഗ്ധർക്കും പണിശാലകൾ, നാടക റിഹേഴ്സൽ സൗകര്യം, കലാ-സാഹിത്യകാരന്മാർക്ക് ഹ്രസ്വകാല താമസസൗകര്യം എന്നിവയൊക്കെ അടങ്ങുന്നതാണ് ഈ സാംസ്കാരിക |

| | | | |
|---|---|---|---|
| | | | സമുച്ചയങ്ങൾ. ശരാശരി 40 കോടി രൂപ ചെലവ് വരുന്ന ഓരോ സാംസ്കാരിക കേന്ദ്രങ്ങളുടെയും സ്ഥലസൗകര്യത്തിനനുസരിച്ചാണ് അവയുടെ രൂപകൽപ്പന നടത്തുന്നത്. |
| (സി) | സമയബന്ധിതമായി ഈ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സ്വീകരിക്കുന്നതാണ്. |
| (ഡി) | എന്നത്തേക്ക് ഈ പ്രവർത്തനം പൂർത്തീകരിക്കാൻ സാധിക്കു മെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ? | (ഡി) | ഇതിനായി വിവിധ ജില്ലാ കേന്ദ്രങ്ങളിൽ അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചു വരികയാണ്. ആയത് ലഭ്യമായാൽ മാത്രമേ ഈ ബൃഹത് പദ്ധതിയുടെ പൂർത്തീകരണത്തെപ്പറ്റി സ്പഷ്ടമാക്കാൻ സാധിക്കുക യുള്ളൂ. |

സെക്ഷൻ ഓഫീസർ